**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം– 2020 ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് – വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് അവസരം

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലെ 2020–21 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ് അപ് അലോട്ട്മെന്റ് നടപടികൾ 2020 നവംബർ 16 ന് ആരംഭിക്കുന്നു. ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **16.11.2020 മുതൽ 17.11.2020 വൈകിട്ട് 3.00 മണി വരെ** ഓൺലൈനായി പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ മുൻ അലോട്ട്മെന്റ് പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് /ഫാർമസി/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച് സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവർക്കും, അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ കഴിയാത്തതോ, പ്രവേശനം നേടിയതിനുശേഷം വിടുതൽ വാങ്ങിയവരോ ആയ വിദ്യാർത്ഥികൾക്കും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കപ്പെടാൻ ഓപ്ഷനുകൾ പുതുതായി സമർപ്പിക്കാവുന്നതാണ്. ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം പുതുതായി ഒഴിവുവരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ മോപ് അപ് അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം നിലവിലെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. മുൻ അലോട്ട്മെന്റുകൾക്കായി വിദ്യാർത്ഥികൾ നൽകിയ ഓപ്ഷനുകൾ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **20.11.2020** വൈകുന്നേരം **4.00** ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

വിശദമായ വിജ്ഞാപനത്തിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**ഹെൽപ്പ് ലൈൻ നമ്പർ: 0471–2525300**

തിരുവനന്തപുരം
16.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**